# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2924** **18.06.2019 ൽ മറുപടിക്ക്**

**വഴുതയ്ക്കാട് കോട്ടൺഹിൽ സ്കൂൾ കെട്ടിടം**

**ചോദ്യം**

**ശ്രീ.വി.എസ്.ശിവകുമാർ**

**മറുപടി**

**ശ്രീ.ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

| ചോദ്യം | | മറുപടി | |
|---|---|---|---|
| (എ) | തിരുവനന്തപുരം നിയോജക മണ്ഡലത്തിലെ വഴുതയ്ക്കാട് സർക്കാർ കോട്ടൺഹിൽ സ്കൂൾ പ്രീപ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിനും നഴ്സറി സ്കൂളിനുമായി 2015-16 സാമ്പത്തിക വർഷം എം.എൽ.എ. ആസ്തി വികസന സ്കീമിൽ നിന്നും 45 ലക്ഷം രൂപ ചെലവഴിച്ച് ഒരു പുതിയ കെട്ടിടം നിർമ്മിച്ച് നൽകുന്നതിന് ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് ടെൻഡർ നടപടികൾ പൂർത്തീകരിച്ചുവെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നതിലെ കാരണങ്ങൾ വ്യക്തമാക്കുമോ; | (ബി) | കെട്ടിടം പണിയാനുദ്ദേശിക്കുന്ന സ്ഥലത്ത് നിലവിൽ മറ്റൊരു കെട്ടിടം ഉണ്ട്. അത് പൊളിച്ച് മാറ്റിയാൽ മാത്രമേ പണി തുടങ്ങുവാൻ സാധിക്കുകയുള്ളൂ. ഈ കാരണത്താലാണ് നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നത്. |
| (സി) | സ്കൂളിലെ പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നതിന് കെട്ടിടത്തിന്റെ മുഖവില നിശ്ചയിച്ച് ലേലംചെയ്ത് തുക ട്രഷറിയിൽ ഒടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് തിരുവനന്തപുരം നഗരസഭ 26.03.2016 ൽ ഇ 5/5811/16 നമ്പർ കത്ത് പ്രകാരം പൊതുമരാമത്ത് (കെട്ടിട വിഭാഗം) ചീഫ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടും ഇക്കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല എന്നതിനാൽ തുടർനടപടികൾക്ക് കർശന നിർദ്ദേശം നൽകുമോ ; | (സി) | വഴുതക്കാട് സർക്കാർ കോട്ടൺഹിൽ സ്കൂൾ പ്രീ പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, പി.ഡബ്ല്യൂ.ഡി യുടെ അസറ്റിൽ വരുന്ന കെട്ടിടമല്ല. പ്രസ്തുത കെട്ടിടം കോർപ്പറേഷന്റെ അധീനതയിൽ വരുന്നതാകയാൽ അത് പൊളിച്ച് മാറ്റി സൈറ്റ് ക്ലിയർ ചെയ്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറിയതിന് ശേഷം മാത്രമേ പണി തുടങ്ങുന്നതിന് സാധിക്കുകയുള്ളൂ എന്ന് പറഞ്ഞ് ഹെഡ്മിസ്ട്രസിന് പല തവണ കത്ത് നൽകിയിരുന്നെങ്കിലും നടപടി ഉണ്ടായിട്ടില്ല. |

| | |
|---|---|
| (ഡി) നിർവ്വഹണ ഏജൻസിയായ പൊതുമരാമത്ത് (കെട്ടിട വിഭാഗം) വകുപ്പിന് ഇത് സംബന്ധിച്ച് നിരന്തരം കത്തുകൾ നൽകിയിട്ടും നടപടി സ്വീകരിക്കുന്നില്ലായെന്നത് കണക്കിലെടുത്ത് തുക പാഴായിപ്പോകാതെ പ്രവൃത്തി എത്രയും വേഗം ആരംഭിക്കുന്നതിന് അടിയന്തര നിർദ്ദേശം നൽകുമോ? | (ഡി) കെട്ടിടം പൊളിച്ച് മാറ്റി സ്ഥലം പൊതുമരാമത്തിന് കൈമാറിയാൽ മാത്രമേ പണി തുടങ്ങാൻ സാധിക്കുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**